തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട് പി.ഒ., തിരൂർ, മലപ്പുറം - 676 502

**സംഗ്രഹം**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - പൊതുസഭയിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ ഡയറക്ടർമാർ - മുഴുവൻസമയ അദ്ധ്യാപകർ എന്നിവർക്കിടയിൽ നിന്നും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ നിർവാഹകസമിതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വൈസ് ചാൻസലറുടെ കാര്യാലയം**

നമ്പർ : 50/2015/നി.സ./വി.സി./വാല്യം IV. തീയതി: തിരൂർ, 16.12.2024

---

പരാമർശം :- 1. 16.05.2022 ലെ 50/2015/നി.സ./വി.സി./വാല്യം 3 നമ്പർ സർവകലാശാലാ ഉത്തരവ്.
2. 26.09.2023 ലെ 50/2015/നി.സ./വി.സി./വാല്യം 3 നമ്പർ സർവകലാശാലാ ഉത്തരവ്.
3. 21.11.2023 ലെ 50/2015/നി.സ./വി.സി./വാല്യം 3 നമ്പർ സർവകലാശാലാ ഉത്തരവ്.
4. 05.12.2024 ലെ 395/എ1/2022/അഡ്മിൻ നമ്പർ തെരഞ്ഞെടുപ്പ് വിജ്ഞാപനം.
5. 13.12.2024 ലെ 395/എ1/2022/അഡ്മിൻ നമ്പർ വിജ്ഞാപനം.

**ഉത്തരവ്**

2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമം അദ്ധ്യായം III 13(ബി) (i) പ്രകാരം, പൊതുസഭയിലെ സ്കൂളിലെ ഡയറക്ടർമാരിൽ നിന്നും പൊതുസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗം നിർവാഹകസമിതിയിൽ അംഗമായിരിക്കും. അതുപോലെ, അദ്ധ്യായം III 13(ബി) (ii) പ്രകാരം പൊതുസഭയിലെ അദ്ധ്യാപകരിൽ നിന്നും പൊതുസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരംഗം നിർവാഹകസമിതിയിലെ അംഗമായിരിക്കും.

2) പരാമർശം (1) പ്രകാരം, താഴെപറയുന്ന അംഗങ്ങളെ പൊതുതെരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിൽ പൊതുസഭയിലെ അംഗങ്ങളായി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**എ) സ്കൂൾ ഡയറക്ടർമാരുടെ മണ്ഡലം**

1. പ്രൊഫ (ഡോ) കെ.എം. അനിൽ (ഡയറക്ടർ, എഴുത്തച്ഛൻപഠനസ്കൂൾ)
2. ഡോ. സ്മിത കെ. നായർ (ഡയറക്ടർ, ഭാഷാശാസ്ത്രസ്കൂൾ)

**ബി) മുഴുവൻസമയ അദ്ധ്യാപക മണ്ഡലം**

1. ഡോ. കെ.വി. ശശി (അസി. പ്രൊഫസർ, സംസ്കാരപൈതൃകപഠനസ്കൂൾ)
2. ഡോ. ധന്യ ആർ. (അസി. പ്രൊഫസർ, പരിസ്ഥിതിപഠനസ്കൂൾ)

3) സ്കൂൾ ഡയറക്ടറായിരുന്ന ഡോ. സ്മിത കെ. നായരുടെ ഡയറക്ടർ കാലാവധി അവസാനിച്ച സാഹചര്യത്തിൽ ഡോ. കെ.എം. ഭരതനെ (ഡയറക്ടർ, സംസ്കാരപൈതൃക പഠനസ്കൂൾ) പൊതുസഭയിലെ അംഗമായി ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവാകുകയുണ്ടായി.

4) പരാമർശം (3) പ്രകാരം, താഴെ പറയുന്ന അംഗങ്ങളെ നിർവാഹകസമിതിയിലേക്ക് തെരഞ്ഞെടുത്ത് ഉത്തരവായിട്ടുള്ളതാണ്.

*(തുടർച്ച ....2)*

**സ്കൂൾ ഡയറക്ടർമാരുടെ മണ്ഡലം**

1. ഡോ. അനിൽ കെ.എം. (ഡയറക്ടർ, എഴുത്തച്ഛൻപഠനസ്കൂൾ)

**മുഴുവൻസമയ അദ്ധ്യാപക മണ്ഡലം**

1. ഡോ. ധന്യ ആർ. (അസി. പ്രൊഫസർ, പരിസ്ഥിതിപഠനസ്കൂൾ)

5) ഡോ. കെ.എം. അനിൽ, ഡോ. ധന്യ ആർ. എന്നിവരുടെ ഒരു വർഷക്കാലാവധി പൂർത്തിയായതിനാൽ പരാമർശം (4) പ്രകാരം പൊതുസഭയിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ ഡയറക്ടർമാരിൽ നിന്നും മുഴുവൻസമയ അദ്ധ്യാപകരിൽ നിന്നും ഓരോ അംഗത്തെ നിർവാഹകസമിതിയിലേക്ക് തെരഞ്ഞെടുക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

6) പരാമർശം (5) പ്രകാരം താഴെ പറയുന്ന അംഗങ്ങളെ പരാമർശം (4) പ്രകാരമുള്ള തെരഞ്ഞെടുപ്പ് നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ നിർവാഹകസമിതിയിലെ അംഗങ്ങളായി എതിരില്ലാതെ തെരഞ്ഞെടുത്തതായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**സ്കൂൾ ഡയറക്ടർമാരുടെ മണ്ഡലം**

1. ഡോ. അനിൽ കെ.എം. (ഡയറക്ടർ, എഴുത്തച്ഛൻപഠനസ്കൂൾ)

**മുഴുവൻ സമയ അദ്ധ്യാപക മണ്ഡലം**

1. ഡോ. ധന്യ ആർ. (അസി. പ്രൊഫസർ, പരിസ്ഥിതിപഠനസ്കൂൾ)

7) മേൽ വിവരിച്ച തെരഞ്ഞെടുപ്പ് നടപടികളുടെ അടിസ്ഥാനത്തിൽ, മറ്റ് വസ്തുതകളും പരിശോധിച്ച് 2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ നിയമം അദ്ധ്യായം III 13(ബി) (i), (ii) എന്നീ വകുപ്പുകൾ പ്രകാരം സ്കൂൾ ഡയറക്ടർമാരുടെ മണ്ഡലത്തിൽ നിന്നും ഡോ. അനിൽ കെ.എം. (ഡയറക്ടർ, എഴുത്തച്ഛൻപഠനസ്കൂൾ) നേയും അദ്ധ്യാപക മണ്ഡലത്തിൽ നിന്നും ഡോ. ധന്യ ആർ. (അസി. പ്രൊഫസർ, പരിസ്ഥിതിപഠന സ്കൂൾ) നേയും തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല പൊതുസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായി നിർവാഹകസമിതിയിൽ ഉൾപ്പടുത്തി ബഹു. വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

8) 2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ നിയമം അദ്ധ്യായം III 14 (1) പ്രകാരം, നിർവാഹകസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ട തീയതി മുതൽ ഒരു വർഷക്കാലം ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്. ഇതേ നിയമത്തിലെ ഉപവകുപ്പ് (4) പ്രകാരം നിർവാഹകസമിതിയുടെ കാലാവധി പൊതുസഭയുടെ കാലാവധിയോടൊപ്പം അവസാനിക്കുന്നതാണ്.

9) നിയമാനുസൃതമായ യാത്രാബത്ത, ദിനബത്ത, മറ്റ് അർഹതപ്പെട്ട ബത്തകൾക്ക് അംഗങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഇതുസംബന്ധിച്ച ചെലവുകൾ അതത് സാമ്പത്തിക വർഷത്തെ 01.2015.01 എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

10) മേൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രജിസ്ട്രാർ ഇൻ ചാർജ്

ഡോ. അനിൽ കെ.എം. (ഡയറക്ടർ, എഴുത്തച്ഛൻപഠനസ്കൂൾ)
ഡോ. ധന്യ ആർ. (അസി. പ്രൊഫസർ, പരിസ്ഥിതിപഠനസ്കൂൾ)

പകർപ്പ്:

എല്ലാ നിർവാഹകസമിതി അംഗങ്ങൾക്കും/
വി.സി. കാര്യാലയം / രജിസ്ട്രാർ കാര്യാലയം / ഫിനാൻസ് വിഭാഗം
ജെ.ഡി, കെ.എസ്.എ.ഡി, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
ഓഫീസ് രേഖ / കരുതൽ രേഖ / വെബ്സൈറ്റ്